## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.201

28-01-2019 ൽ മറുപടിയ്ക്ക്

## നേര്യമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആന്റണി ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ട മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | എ) മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു. |
| ബി) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) സർക്കാരിൽ ലഭിച്ചിട്ടില്ല. |
| സി) ഫാക്ടറികൾ, ഡാം, പവർ ഹൗസുകൾ, നിരവധി വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് ഉരുൾ പൊട്ടൽ, കാട്ടുതീ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാലും പ്രസ്തുത സ്ഥലം കോതമംഗലം, കല്ലൂർക്കാട്, ഇടുക്കി, മൂന്നാർ നിലയങ്ങളിൽ നിന്ന് വളരെ ദൂരത്തിലുമായതിനാലും പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണന ലിസ്റ്റിൽ നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ, പ്രസ്തുത സ്ഥലത്തിന്റെ പ്രാധാന്യം പരിഗണിച്ച് നേര്യമംഗലം ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ